(സി) ഉണ്ട്

(ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിന് ആവശ്യമായ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വെ ചെയ്ത് പുതിയ ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR-തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗിച്ചു വരുന്നു ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർ ഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

കെ.എസ്.ടി.പി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

13 (*73) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ. എസ്. ടി. പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ സാങ്കേതിക തടസ്സങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പുതുക്കിയ പദ്ധതിയനുസരിച്ച് രണ്ടാം ഘട്ടം എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സമയബന്ധിതമായി രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഇതിന്റെ അടങ്കൽ തുകയിൽ എന്തു വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത് ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കെ.എസ്.ഡി.പി രണ്ടാംഘട്ടം ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തീരുമാനിച്ചുകഴിഞ്ഞു. പ്രസ്തുത റോഡുകളുടെ സർവ്വേയും എഞ്ചിനീയറിംഗ് ഡിസൈനും പൂർത്തീകരിച്ചു. പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു.

(സി&ഡി) പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വ്യാജ ആയുർവേദ മരുന്നുകളുടെ നിയന്ത്രണം

14 (*74) ശ്രീ. വി. എം. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വ്യാജ ആയുർവ്വേദമരുന്നുകളുടെയും ഇവയുടെ പരസ്യങ്ങളുടെയും നിയന്ത്രണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളർ മരുന്നുകളുടെ പരസ്യ നിയന്ത്രണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മരുന്നുകളുടെ പരസ്യങ്ങളാണ് നിയന്ത്രിച്ചതെന്ന് വിശദീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വ്യാജമരുന്നുകളുടെ വിപണനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലൈസൻസുള്ള ആയുർവേദ മരുന്നുകൾ വൻപരസ്യങ്ങൾ നൽകി ഇല്ലാത്ത രോഗ പരിഹാരമുണ്ടാക്കുമെന്ന അവകാശവാദത്തോടെ പരസ്യം ചെയ്യുന്നുണ്ട്. ഇത്തരം പരസ്യങ്ങൾക്കെതിരെ 1954-ലെ ഡ്രഗ്സ് & മാജിക്റെമഡീസ് ((ഒബ്ജക്ഷണബിൾ അഡ്വെർടൈസ്മെന്റ്) ആക്ട് പ്രകാരം ആയുർവേദ ഡ്രഗ്സ് കൺട്രോളർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിയമനിഷേധമായി പരസ്യം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1954 ലെ ഡ്രഗ്സ് & മാജിക് റെമഡീസ്) (ഒബ്ജക്ഷണബിൾ അഡ്വെർടൈസ്മെന്റ്) ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന കുന്നത്ത് ഫാർമസ്യൂട്ടിക്കൽസിന്റെ മുസ്ലി പവർ എക്സ്ട്രാ എന്ന ഉൽപ്പന്നം

2. പാലക്കാട് പ്രവർത്തിക്കുന്ന ഹെർബോ കെയർ എന്ന സ്ഥാപനം നിർമ്മിക്കുന്ന ഉത്തരായനി എന്ന ഉൽപ്പന്നം

3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അവർഡൈന ഹെർബൽസിന്റെ ഡിബറ്റിക് പൗഡർ എന്ന ഉൽപ്പന്നം

LIBRARY ARCHIVES Kerala Legislative Assembly